LIBRARY ARCHIVES Kerala Legislative Assembly

ഇരുചക്രവാഹന അപകടങ്ങൾ

336 (340) ശ്രീ. എം. ഉമ്മർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) 2014-ൽ എത്ര ഇരുചക്രവാഹനാപകടങ്ങൾ ഉണ്ടായിട്ടുണ്ട്, എത്ര മരണങ്ങൾ സംഭവിച്ചിട്ടുണ്ട് ;

(ബി) മരണപ്പെട്ടവരിൽ എത്രപേർ അപടകം നടക്കുമ്പോൾ ഹെൽമറ്റ് ധരിച്ചിരുന്നില്ല എന്നതിന്റെ കണക്ക് വെളിപ്പെടുത്തുമോ ;

(സി) ഹെൽമറ്റ് ധരിച്ച് യാത്ര ചെയ്തവരിൽ എത്ര പേർ ഈ അപടകങ്ങളിൽ കൊല്ലപ്പെട്ടിട്ടുണ്ട് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2014-ൽ 18612 ഇരുചക്രവാഹനാപകടങ്ങൾ ഉണ്ടായിട്ടുണ്ട്. അതിൽ 1712 മരണങ്ങൾ സംഭവിച്ചിട്ടുണ്ട്.

(ബി) മരണപ്പെട്ടവരിൽ 815 പേർ അപടകം നടക്കുമ്പോൾ ഹെൽമറ്റ് ധരിച്ചിരുന്നില്ല.

(സി) ഹെൽമറ്റ് ധരിച്ച് യാത്ര ചെയ്തവരിൽ 897 പേർ ഈ അപടകങ്ങളിൽ കൊല്ലപ്പെട്ടിട്ടുണ്ട്.

തൊട്ടിൽപാലം - വടകര റൂട്ടിലെ ജനങ്ങളുടെ യാത്രാക്ലേശം

337 (341) ശ്രീ. ഇ. കെ. വിജയൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ തൊട്ടിൽപാലം കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയിൽ നിന്ന്, തൊട്ടിൽപാലം-വടകര റൂട്ടിലെ ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് ചെയിൻ സർവ്വീസ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത സർവ്വീസ് ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടി സർവ്വീസ് ആരംഭിക്കുന്നതിനായി 6 ഷെഡ്യൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ബസുകളുടെ കുറവുമൂലം പ്രസ്തുത സർവ്വീസ് ആരംഭിക്കുവാൻ ഇതുവരെയും കഴിഞ്ഞിട്ടില്ല. ബസുകൾ ലഭ്യമാകുന്ന മുറയ്ക്ക് ടി ചെയിൻ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.